## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3159 — 3/4/2013 - ൽ മറുപടിയ്ക്ക്

### കുട്ടനാട് പാക്കേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) | കുട്ടനാട് പാക്കേജ് രണ്ടാംഘട്ട പദ്ധതി വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് പാക്കേജിൻ കീഴിൽ ഇറിഗേഷൻ വകുപ്പ് മുഖേന നടപ്പിലാക്കുന്ന രണ്ടാംഘട്ട പുറംബണ്ട് നിർമ്മാണ പ്രവർത്തിയിലുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012ലെ പുതുക്കിയ schedule of rates ന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ പുതുക്കേണ്ടി വന്നതിനാൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ടി പുതുക്കിയ ഡി.പി.ആർന് സംസ്ഥാന സാങ്കേതിക അനുമതി കമ്മിറ്റിയുടെ അനുമതി ലഭിക്കുകയും കേന്ദ്ര ജല കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എത്ര പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണത്തിനുള്ള പദ്ധതികളാണ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | 421 പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണ പ്രവർത്തികളുടെ ഡി.പി.ആർ ആണ് അനുമതിക്കായി കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുള്ളത്. |
| (സി) | രണ്ടാം ഘട്ടത്തിൽ എത്ര കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാരിന് നൽകിയത് എന്ന് വിശദമാക്കാമോ? | (സി) | ടി പദ്ധതിക്കായി 1545.09 കോടി രൂപയുടെ ഡി.പി.ആർ ആണ് അനുമതിക്കായി കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ